# Desabhimani

# 27 July 2018

# Kuttanad, Flood Victims, Rehabilitation

## കുട്ടനാട് പുനരധിവാസത്തിന് അടിയന്തരനടപടി വേണം: വി എസ്

**തിരുവനന്തപുരം**

കുട്ടനാട്ടിലെ വെള്ളപ്പൊക്ക ദുരിതബാധിതരെ പുനരധിവസിപ്പിക്കാനും കൃഷി ഇറക്കാനും സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണമെന്ന് ഭരണപരിഷ്കാര കമീഷൻ അധ്യക്ഷൻ വി എസ് അച്യുതാനന്ദൻ ആവശ്യപ്പെട്ടു.

**സംസ്ഥാന സർക്കാർ സമഗ്രമായ നഷ്ടപരിഹാരപാക്കേജ് തയ്യാറാക്കുന്നുണ്ട്**

സംസ്ഥാന സർക്കാർ സമഗ്രമായ നഷ്ടപരിഹാരപാക്കേജ് തയ്യാറാക്കുന്നുണ്ട്. പക്ഷേ, അതിന് സമയമെടുക്കുമെന്നാണ് മനസ്സിലാക്കുന്നത് . അതുകൊണ്ടുതന്നെ അടിയന്തരമായി ചെയ്യേണ്ട സഹായങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കണം. കുട്ടനാടിനെ പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണം.

പാടശേഖരങ്ങളിലെ വെള്ളം ഉടനടി വറ്റിക്കണം. മേഖല താമസയോഗ്യമാക്കാനും കരഗതാഗതം പുനഃസ്ഥാപിക്കാനും ഇത് അത്യാവശ്യമാണ്. സഹായനടപടികളിൽ രണ്ടുകൃഷി നടക്കുന്ന പാടശേഖരങ്ങൾക്ക് മുൻഗണന നൽകണം.

കുട്ടനാടിന്റെ ചരിത്രത്തിൽ ഇത്രയേറെ ദുരിതമുണ്ടാക്കിയ പേമാരിയും വെള്ളപ്പൊക്കവും വേറെയില്ല. ദുരിതാശ്വാസ നടപടികൾ കാര്യക്ഷമമായി സർക്കാർ നടപ്പാക്കിയതുവഴി ജനങ്ങൾക്ക് വലിയ ആശ്വാസമായി. ഈ കാര്യക്ഷമത തുടർപ്രവർത്തനത്തിലും ഉണ്ടാകാൻ ജാഗ്രത വേണം. നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുന്നത് ഏറെ നീളരുത്. ഈ ദുരന്തത്തിലെ നഷ്ടപരിഹാരം നിശ്ചയിക്കുന്നത്, സാധാരണ കെടുതികളിൽ അവലംബിക്കുന്ന മാനദണ്ഡം അനുസരിച്ചാകരുത്. സംസ്ഥാനദുരന്തമായിത്തന്നെ കണക്കിലെടുക്കണം.

കുട്ടനാട് നേരിടുന്ന വെള്ളപ്പൊക്കദുരന്തത്തിന് ശാശ്വതപരിഹാരമാകുന്ന പ്രത്യേക പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ കാര്യക്ഷമമായി നടപ്പാക്കണം– വി എസ് ആവശ്യപ്പെട്ടു.